ATCHED
16/06/2020

1/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 1957(6)/2019/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.16280/SIC-Gen4/2019**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. വി.എം. രവീന്ദ്രൻ നായർ,
വെട്ടിയിൽ,
വെള്ളൂർ പി.ഒ.,
കോട്ടയം – 686 501. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   താലൂക്ക് ഓഫീസ്,
   കോട്ടയം.

2. അപ്പീൽ അധികാരി &
   തഹസിൽദാർ (ഭൂരേഖ),
   താലൂക്ക് ഓഫീസ്,
   കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 20.7.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 3.9.2019 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 9.10.2019 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 11.10.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.10.2019, 22.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 3.2.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 1.2.2020, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി.<br>ഹാജരായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. വി.എം. രവീന്ദ്രൻ നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, സർവ്വെ നമ്പർ 384/4 വസ്തുവിന്റെ സ്കെച്ച് തെറ്റായി നൽകിയ ഉത്തരവ് റദ്ദ് ചെയ്യണമെന്നു ആവശ്യപ്പെട്ടിരുന്നു എന്നും എന്നാൽ ബന്ധപ്പെട്ട സ്കെച്ച് നൽകിയെങ്കിലും

ടിയാന്റെ ആവശ്യപ്രകാരം ബന്ധപ്പെട്ട ഉത്തരവ് റദ്ദാക്കി നൽകിയിട്ടില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, പാമ്പാടി, ബ്ലോക്ക് 36/2180, 384/4 തണ്ടപ്പേർ കണക്കിലെ 10.9.1998 ലെ പി.വി.459/98 റദ്ദാക്കി അത് കണക്കിൽ രേഖപ്പെടുത്തി തരണമെന്നും ആ നടപടി ക്രമ വിവരണം ഹർജിക്കാരന് ലഭ്യമാക്കണമെന്നും 384/4-ന്റെ സ്കെച്ച് തയ്യാറാക്കി നൽകണമെന്നുമാണ്.

3. രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരമുള്ള പി.വി. 459/98 റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട സ്കെച്ച് ടിയാന് നൽകിയിട്ടുണ്ടെന്നാണ്. ആയത് ലഭ്യമായിട്ടുണ്ടെന്നു ഹർജിക്കാരനും അറിയിക്കുകയുണ്ടായി. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട പ്രകാരം പി.വി 459/98 റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയത് വിവരാവകാശ നിയമ പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നു കാണുന്നു. ആയതിനാൽ ടി ഇനം സംബന്ധിച്ച് ഹർജിക്കാരന്റെ ആവശ്യം വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 1-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk